**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 402** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തി വരുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തി വരുന്ന സേവനങ്ങൾ വിശദമാക്കുമോ; | (എ) | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ വ്യവസായശാലകൾ പരിശോധിച്ച് ഫാക്ടറീസ് ആക്ട്, ബോയിലേഴ്സ് ആക്ട്, കെമിക്കൽ ആക്സിഡന്റ് റൂൾ ഉൾപ്പെടെയുള്ള നിയമങ്ങൾ ഫാക്ടറി മാനേജ്മെന്റ് ഫാക്ടറികളിൽ നടപ്പിൽ വരുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും നിയമ ലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് തൊഴിൽ-ആരോഗ്യ പരിശീലന കേന്ദ്രമായ ഒക്യുപേഷണൽ ട്രെയിനിംഗ് ആൻഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് (OTI) വഴിയും സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലനവാഹനം ഉപയോഗിച്ചും മേഖലാ പരിശീലന കേന്ദ്രങ്ങൾ വഴിയും ഡി.ജി.യു.വി ജർമ്മനി, അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) എന്നിവയുമായി സഹകരിച്ചു കൊണ്ടും ഇന്റർനാഷണൽ സേഫ്റ്റി കോൺക്ലേവ് ഉൾപ്പെടെ വിവിധ ആരോഗ്യ-സുരക്ഷിതത്വ-അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. തൊഴിൽ-ആരോഗ്യ ഗവേഷണ കേന്ദ്രം (OHRC)-ന്റെ നേതൃത്വത്തിൽ കയർ, ക്രഷർ, കശുവണ്ടി, മത്സ്യസംസ്കരണം, പാക്കിംഗ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികൾ, സോൾവെന്റ് എക്സ്ട്രാക്ഷൻസ്, ഇലക്ട്രോണിക്സ്, ഇലക്ട്രോപ്ലേറ്റിംഗ് എന്നീ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യ പരിശോധന നടത്തി തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേയും ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ ഇൻഡസ്ട്രിയൽ ഹൈജീൻ സ്റ്റഡിയും നടത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽജന്യരോഗ സംശയ നിവാരണത്തിന് |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് വേണ്ടി ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ സുരക്ഷിതത്വവും തൊഴിലാളികളുടെ ക്ഷേമവും പരിപാലിക്കപ്പെടുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കശുവണ്ടിഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഫാക്ടറീസ് ആക്ട്, കേരള ഫാക്ടറീസ് റൂൾസ്, അൺ രജിസ്റ്റേഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട് ഉൾപ്പെടെയുള്ള നിയമങ്ങൾ ഫാക്ടറി മാനേജ്മെന്റ് നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും അല്ലാത്തപക്ഷം ഫാക്ടറി ഇൻസ്പെക്ടർമാർ മുഖേന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കശുവണ്ടി ഫാക്ടറിയുടെ കെട്ടിടനിർമ്മാണ പ്ലാനുകൾ അംഗീകരിക്കുന്ന സമയത്ത് തന്നെ തൊഴിലാളികൾക്ക് ആവശ്യമായ ഇരിപ്പിടം, തൊഴിൽസ്ഥലം, വെന്റിലേഷൻ സൗകര്യങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, ക്രഷ്, വിശ്രമകേന്ദ്രം, കാന്റീൻ, വാഷിങ്ങ് സൗകര്യങ്ങൾ, ഫയർ ലേഔട്ട് എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കശുവണ്ടി തൊഴിലാളികളിൽ നടത്തിയ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേയുടെ അടിസ്ഥാനത്തിൽ തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ക്രമീകരണങ്ങൾ നൽകുന്നുണ്ടെന്ന് പരിശോധനസമയത്ത് ഇൻസ്പെക്ടർമാർ വഴി ഉറപ്പുവരുത്തുന്നു. അതോടൊപ്പം സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലനവാഹനം വഴിയും മേഖല പരിശീലനകേന്ദ്രങ്ങൾ വഴിയും കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടി മാത്രമായി ആരോഗ്യ-സുരക്ഷിതത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (സി) | പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയും ലഭിയ്ക്കുന്ന പരാതികളിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നു. |
| (ഡി) | ഫാക്ടറികളുടെ മികവ് പരിശോധിക്കാൻ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ നിലവിൽ സംവിധാനങ്ങളുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ